എ. ആർ. മെമ്മോറിയൽ മാവേലിക്കര, സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ, ചേറായി, അപ്പൻ തമ്പുരാൻ മെമ്മോറിയൽ, കേരള സംഗീത നാടക അക്കാഡമി, കേരള സാഹിത്യ അക്കാഡമി, കേരള ലളിതകലാ അക്കാഡമി, കേരള കലാമണ്ഡലം, കേരള ഫോക്‌ലോർ അക്കാഡമി, ജവഹർ ബാലഭവൻ തിരുവനന്തപുരം, തൃശ്ശൂർ, സി.ഡിറ്റ്, തിരുവനന്തപുരം, കേരള സംസ്ഥാന ഫിലിം ഡവലപ്‌മെന്റ് കോർപ്പറേഷൻ, കുമാരനാശാൻ മെമ്മോറിയൽ, തോന്നയ്ക്കൽ, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, തിരുവനന്തപുരം.

(ബി) മേൽപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങളും സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളാണ്.

(സി & ഡി) പൂർണ്ണമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ശ്രീ. എം. ടി. വാസുദേവൻ നായർ ചെയർമാനായിരുന്ന സ്ഥാപനങ്ങൾ**

**67 (1121)** പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്‌ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം വേണമെന്ന ആവശ്യത്തിന്റെ പേരിൽ സംസ്ഥാനത്ത് പ്രതിപക്ഷസമരം നടന്ന ഘട്ടത്തിൽ ശ്രീ. എം. ടി. വാസുദേവൻ നായർ ഗവൺമെന്റുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ ചെയർമാനായിരുന്നു എന്നറിയിക്കുമോ ;

(ബി) മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്താത്തതിന്റെ ധാർമ്മിക രോഷത്തിൽ അദ്ദേഹം ഏതെല്ലാം ചെയർമാൻ പദവികൾ രാജിവച്ചു ;

(സി) പ്രസ്തുത ചെയർമാൻ പദവിയുടെ കാലാവധി എത്ര നാളത്തേയ്ക്കു കൂടി ഉണ്ടായിരുന്നു എന്നും രാജിവയ്ക്കാത്ത പ്രസ്തുത പദവിയുടെ ദൈർഘ്യം എത്ര കാലത്തേയ്ക്കുകൂടിയുണ്ട് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കാലഘട്ടത്തിൽ ശ്രീ. എം. ടി. വാസുദേവൻ നായർ, സാംസ്‌ക്കാരിക വകുപ്പിന്റെ വാർഷിക ഗ്രാന്റ് നൽകിവരുന്ന മലപ്പുറം ജില്ലയിലെ തിരൂരുള്ള തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാനായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പദവി രാജിവച്ചിട്ടില്ല.

(സി) തുഞ്ചൻമെമ്മോറിയൽ ട്രസ്റ്റിന്റെ ചെയർമാൻ പദവിയുടെ കാലാവധി. 26-2-2001 ലെ സർക്കാർ ഉത്തരവ് (എം. എസ്.) 14/2001/സിഎഡി പ്രകാരം 5 വർഷമാണ്.

**ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണം**

**68 (1122)** ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുഴുവൻ ക്ഷേത്രങ്ങളുടെയും ഭരണം ഏകീകരിക്കുന്നതിനായി "ഏകീകൃത ദേവസ്വം ബോർഡ്" രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങളോ വിധിയോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഏകീകൃത ദേവസ്വം ബോർഡ് രൂപീകരണം ക്ഷേത്ര ഭരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചട്ടങ്ങളുടെയും പിൻതുടർന്നുവരുന്ന സമ്പ്രദായങ്ങളുടെയും ഏകീകരണത്തിനും മെച്ചപ്പെട്ട സാമ്പത്തിക മാനേജ്മെന്റിനും വഴിതെളിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഏകീകൃത ദേവസ്വം ബോർഡ് നിലവിൽ വരികയാണെങ്കിൽ എച്ച്.ആർ.ആൻഡ് സി. ഇ. വകുപ്പ് ഏകീകൃത ദേവസ്വം ബോർഡിന് കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) മലബാറിലെ ദേവസ്വങ്ങൾക്കുവേണ്ടി ഒരു ദേവസ്വം ബോർഡും, തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾക്കായി ഒരു ഏകീകൃത ബോർഡും രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ഇതു സംബന്ധിച്ച് ഒരു ബിൽ സഭയിൽ അവതരിപ്പിച്ചിരുന്നു. സഭ അത് പൊതു ജനാഭിപ്രായത്തിന് വിടുകയുണ്ടായി. ഏകീകൃത ബോർഡിനെതിരെ വ്യാപകമായ എതിർപ്പ് ഉണ്ടായതിനാൽ ആ ബിൽ പിന്നീട് പരിഗണിക്കുകയുണ്ടായില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly